പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പിലെ ഗസറ്റഡ് ഓഫീസർമാർ

9 (172) ശ്രീ. കെ. ടി. കുഞ്ഞഹമ്മദ് :
ശ്രീ. പി. പി. സുലൈമാൻ റാവുത്തർ ; താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പട്ടികജാതി -പട്ടികവർഗ്ഗ വികസന വകുപ്പിൽ എത്ര ഗസറ്റഡ് ഓഫീസർമാരുണ്ടെന്ന് കണക്ക് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ഓഫീസർമാരിൽ എത്രപേർ പട്ടികജാതിക്കാരും എത്രപേർ പട്ടിക വർഗ്ഗക്കാരും എത്രപേർ മറ്റ് പിന്നോക്ക വിഭാഗത്തിൽപ്പെടുന്നവരാണെന്നും ഓരോ വിഭാഗത്തിന്റെയും പ്രാതിനിധ്യ ശതമാനമെത്രയാണെന്നും വ്യക്തമാക്കുമോ;

(സി) സംസ്ഥാന സെക്രട്ടേറിയേറ്റിൽ പട്ടിക വർഗ്ഗ വികസന വകുപ്പിൽ എത്ര ഗസറ്റഡ് ഓഫീസർമാരുണ്ടെന്ന് തസ്തിക തിരിച്ചും സമുദായം തിരിച്ചും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) പട്ടികജാതി വികസന വകുപ്പിൽ അഖിലേന്ത്യാ സർവ്വീസിൽപ്പെട്ട ഡയറക്ടർ ഒഴികെ 119 ഗസറ്റഡ് ഓഫീസർമാരും പട്ടികവർഗ്ഗ വികസന വകുപ്പിൽ അഖിലേന്ത്യാ സർവ്വീസിൽപ്പെട്ട ഡയറക്ടർ ഒഴികെ 44 ഗസറ്റഡ് ഓഫീസർമാരുമുണ്ട്.

(ബി) പട്ടികജാതി വികസന വകുപ്പിൽ സമുദായം തിരിച്ചുള്ള പ്രാതിനിധ്യം

പട്ടികജാതി - 8 - 6.72%

പട്ടികവർഗ്ഗം - 2 - 1.68%

മറ്റ് പിന്നോക്കം - 49 - 41.17%

എന്ന പ്രകാരവും

പട്ടികവർഗ്ഗ വികസന വകുപ്പിൽ സമുദായം തിരിച്ചുള്ള പ്രാതിനിധ്യം

പട്ടികജാതി - 2 - 4.54%

പട്ടികവർഗ്ഗം - ഇല്ല.

മറ്റ് പിന്നോക്ക വിഭാഗം - 15- 34.09% എന്ന പ്രകാരവുമാണ്.

(സി) സംസ്ഥാന സെക്രട്ടേറിയേറ്റിൽ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിലെ ജീവനക്കാർ സെക്രട്ടേറിയേറ്റിലെ പൊതുഭരണ വകുപ്പിന്റെ ഭാഗമാണ്. ഇവർ സ്ഥിരമായി ഈ വകുപ്പിൽ നിയമിക്കപ്പെട്ടവരല്ല എന്നതിനാൽ സമുദായം തിരിച്ചുള്ള കണക്ക്, സ്ഥലം മാറ്റമനുസരിച്ച് മാറ്റത്തിന് വിധേയമാകുന്നു. ഈ വകുപ്പിൽ 15 ഗസറ്റഡ് തസ്തികകളാണുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly